മലയാളം MALAYALAM مالايالم :

# ബലിപെരുന്നാൾ ഖുതുബ (ഈദുൽ അദ്ഹ) خُطْبَةُ عِيدِ الأَضْحَى

തീയതി: 1447 ദുൽഹിജ്ജ 10 (2026 മെയ് 27)

ഒന്നാം ഖുത്തുബ:-

നിശ്ചയമായും എല്ലാ സ്തുതിയും അല്ലാഹുവിന്നാണ്. നാം അവനെ സ്തുതി ക്കുകയും അവനോട് സഹായം തേടുകയും അവനോട് പാപമോചനം ഇര ക്കുകയും ചെയ്യുന്നു. നമ്മുടെ ആത്മാക്കളുടെ തിന്മകളിൽ നിന്നും നമ്മുടെ മോശമായ പ്രവർത്തികളിൽ നിന്നും നാം അല്ലാഹുവിനോട് ശരണം തേടുന്നു. അല്ലാഹു ആരെ നേർവഴിയിലാക്കുന്നുവോ അവനെ വഴിപിഴപ്പിക്കാൻ ആരുമില്ല. അവൻ ആരെ വഴിപിഴപ്പിക്കുന്നുവോ അവനെ നേർവഴിയിലാ ക്കാനും ആരുമില്ല. അല്ലാഹു അല്ലാതെ ആരാധനയ്ക്ക് അർഹനായി മറ്റാരു മില്ലെന്നും അവൻ ഏകനാണെന്നും അവന് പങ്കുകാരില്ലെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ് നബി ﷺ അവന്റെ ദാസനും ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.

يَاأَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ حَقَّ تُقَاتِهِ وَلَا تَمُوتُنَّ إِلَّا وَأَنْتُمْ مُسْلِمُونَ

*"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കേണ്ട മുറപ്രകാരം സൂക്ഷിക്കുക. നിങ്ങൾ മുസ്‌ലിംകളായല്ലാതെ മരിക്കാനിടയാകരുത്."*(സൂറഃ ആലുഇംറാൻ: 102)

اللَّهُ أَكْبَرُ اللَّهُ أَكْبَرُ اللَّهُ أَكْبَرُ، اللَّهُ أَكْبَرُ اللَّهُ أَكْبَرُ اللَّهُ أَكْبَرُ، اللَّهُ أَكْبَرُ اللَّهُ أَكْبَرُ اللَّهُ أَكْبَرُ.

(അല്ലാഹുവാണ് ഏറ്റവും വലിയവൻ, അല്ലാഹുവാണ് ഏറ്റവും വലിയവൻ, അല്ലാഹുവാണ് ഏറ്റവും വലിയവൻ...)

അല്ലാഹു ഏറ്റവും വലിയവനാകുന്നു; എണ്ണിക്കണക്കാക്കാൻ കഴിയാത്ത അനേകം യുക്തികളാൽ അവൻ പെരുന്നാൾ ആഘോഷങ്ങൾ നിശ്ചയിച്ചു. അല്ലാഹു ഏറ്റവും വലിയവനാകുന്നു; ഓരോ പെരുന്നാളിലും മടങ്ങിവരുന്നതും പ്രകടമാകുന്നതുമായ അവന്റെ അനുഗ്രഹങ്ങൾ അവൻ നമുക്ക് ചൊരിഞ്ഞു തന്നു. അല്ലാഹു ഏറ്റവും വലിയവനാകുന്നു; ഹാജിമാർ ഇഹ്റാം കെട്ടുകയും ഉംറ

നിർവ്വഹിക്കുകയും ചെയ്യുമ്പോഴെല്ലാം. അല്ലാഹു ഏറ്റവും വലിയവനാ കുന്നു; തഹ്‌ലീലുകളും തക്ബീറുകളും മുഴങ്ങുന്നത്രയും. അല്ലാഹു ഏറ്റവും വലിയവനാകുന്നു; ഹാജിമാർ അറഫയിൽ നിൽക്കുകയും അല്ലാഹുവിനുവേണ്ടി ബലി അറുക്കുന്നവർ ബലി കർമ്മം നിർവ്വഹിക്കുകയും ചെയ്യുന്നത്രയും

ശേഷം:.

അല്ലാഹുവിന്റെ ദാസന്മാരേ,:

ഇതാ പെരുന്നാൾ ദിനം വന്നെത്തിയിരിക്കുന്നു. സത്യവിശ്വാസികളുടെ മനസ്സു കൾക്ക് കുളിർമയും സൂക്ഷ്മശാലികളുടെ കണ്ണുകൾക്ക് ആനന്ദവും നൽകുന്ന ദിനം. ഇതാ ബലിപെരുന്നാൾ ദിനം, 'യൗമുൽ ഹജ്ജുൽ അക്ബർ' (വലിയ ഹജ്ജിന്റെ ദിവസം). ഹജ്ജ് കർമ്മങ്ങളിൽ ഏറ്റവും ശ്രേഷ്ഠവും വിശ്വാസി കൾ ഒത്തുചേരുന്നതുമായ ദിനം. അല്ലാഹുവിന്റെ ഉദാരമായ വാഗ്ദാനത്തി ലും അവന്റെ സൽഗുണങ്ങളിലും വിശാലമായ കാരുണ്യത്തിലും ഔദാര്യ ത്തിലും ഓരോ വിശ്വാസിയും സന്തോഷിക്കട്ടെ. അല്ലാഹു തആല പറഞ്ഞു:

قُلْ بِفَضْلِ اللَّهِ وَبِرَحْمَتِهِ فَبِذَٰلِكَ فَلْيَفْرَحُوا هُوَ خَيْرٌ مِمَّا يَجْمَعُونَ

*"പറയുക: അല്ലാഹുവിന്റെ ഔദാര്യം കൊണ്ടും കാരുണ്യം കൊണ്ടും അത് (ലഭിച്ചതിൽ) അവർ സന്തോഷിച്ചു കൊള്ളട്ടെ. അതാണ് അവർ ശേഖരിച്ചു വെക്കുന്നതിനേക്കാൾ ഉത്തമമായത്."*(സൂറഃ യൂനുസ്: 58)

اللَّهُ أَكْبَرُ اللَّهُ أَكْبَرُ اللَّهُ أَكْبَرُ، لَا إِلَهَ إِلَّا اللَّهُ، وَاللَّهُ أَكْبَرُ اللَّهُ أَكْبَرُ وَلِلَّهِ الحَمْدُ.

(അല്ലാഹുവാണ് ഏറ്റവും വലിയവൻ, അല്ലാഹുവാണ് ഏറ്റവും വലിയവൻ, അല്ലാഹുവാണ് ഏറ്റവും വലിയവൻ. അല്ലാഹു അല്ലാതെ ആരാധനയ്ക്ക് അർഹ നായി മറ്റാരുമില്ല. അല്ലാഹുവാണ് ഏറ്റവും വലിയവൻ, അല്ലാഹുവാണ് ഏറ്റവും വലിയവൻ, അല്ലാഹുവിനാകുന്നു സർവ്വ സ്തുതിയും.)

മുസ്‌ലിം സഹോദരങ്ങളേ,

ഹജ്ജിന്റെ ഏറ്റവും മഹത്തായ ലക്ഷ്യങ്ങളിൽ പെട്ടതും വിശുദ്ധ സ്ഥലങ്ങളി ലെ കർമ്മങ്ങളുടെ ഉന്നതമായ ഉദ്ദേശ്യവും

അല്ലാഹുവിന്റെ തൗഹീദ് (ഏകദൈ വവിശ്വാസം) വെളിപ്പെടുത്തുക എന്നതാണ്. ആരാധനകൾ അല്ലാഹുവിന് മാത്ര മായി നിഷ്കളങ്കമാക്കുക; സ്നേഹത്തിലും ഭയത്തിലും ഭരമേല്പിക്കലിലും ആഗ്രഹത്തിലും ആശങ്കയിലുമെല്ലാം അവനെ മാത്രം ഏകനാക്കുക. നബി ﷺ യുടെ ഹജ്ജിനെ കുറിച്ച് വർണ്ണിച്ചുകൊണ്ട് ജാബിർ (റ) പറഞ്ഞു:

فَأَهَلَّ رَسُولُ اللَّهِ صَلَّى اللهُ عَلَيْهِ وَسَلَّمَ بِالتَّوْحِيدِ: لَبَّيْكَ اللَّهُمَّ، لَبَّيْكَ، لَبَّيْكَ لَا شَرِيكَ لَكَ لَبَّيْكَ، إِنَّ الحَمْدَ وَالنِّعْمَةَ لَكَ « وَالمُلْكَ، لَا شَرِيكَ لَكَ»

*"അല്ലാഹുവിന്റെ റസൂൽ ﷺ തൗഹീദ് (ഏകദൈവ മന്ത്രം) ചൊല്ലിക്കൊണ്ട് ഇഹ്റാം ചെയ്തു: 'ലബ്ബൈക്കല്ലാഹുമ്മ ലബ്ബൈക്ക്, ലബ്ബൈക്ക ലാ ശരീക്ക ലക ലബ്ബൈക്ക്, ഇന്നൽ ഹംദ വന്നിഅ്മത ലക വൽ മുൽക്ക്, ലാ ശരീക്ക ലക്'. (അല്ലാഹുവേ, ഇതാ ഞാൻ നിന്റെ വിളിക്ക് ഉത്തരം നൽകിയിരിക്കുന്നു. നിനക്ക് പങ്കുകാരില്ല. നിശ്ചയമായും സർവ്വ സ്തുതിയും അനുഗ്രഹങ്ങളും ആധിപത്യവും നിനക്കുള്ളതാണ്. നിനക്ക് യാതൊരു പങ്കുകാരനുമില്ല.)"*(മുസ്ലിം)

അതുകൊണ്ട് അല്ലാഹുവിനെ നിങ്ങളുടെ നിക്ഷേപവും അഭയസ്ഥാനവും ലക്ഷ്യവും സങ്കേതവുമാക്കുക. ആരെങ്കിലും അല്ലാഹുവിൽ മുറുകെ പിടിച്ചാൽ അവന് അവൻ മതിയായവനാണ്. ആരെങ്കിലും അവനിൽ ഭരമേല്പിച്ചാൽ അവനെ അവൻ സംരക്ഷിക്കും. ആരെങ്കിലും അവനിലേക്ക് അഭയം പ്രാപിച്ചാ ൽ അവൻ അവനെ കാത്തുരക്ഷിക്കുകയും ഏറ്റെടുക്കുകയും ചെയ്യും. അല്ലാ ഹു പറഞ്ഞു:

وَإِنْ يَمْسَسْكَ اللَّهُ بِضُرٍّ فَلَا كَاشِفَ لَهُ إِلَّا هُوَ وَإِنْ يَمْسَسْكَ بِخَيْرٍ فَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ * وَهُوَ الْقَاهِرُ فَوْقَ عِبَادِهِ وَهُوَ الْحَكِيمُ الْخَبِيرُ

*"നിനക്ക് അല്ലാഹു വല്ല ദോഷവും ഏല്പിക്കുന്ന പക്ഷം അതൊഴിവാക്കാൻ അവനല്ലാതെ മറ്റാരുമില്ല. അവൻ നിനക്ക് വല്ല ഗുണവും ഏല്പിക്കുന്ന പക്ഷം അവൻ ഏതു കാര്യത്തിനും കഴിവുള്ളവനാകുന്നു. അവൻ തന്റെ ദാസന്മാ രുടെ മേൽ സർവ്വാധിപത്യമുള്ളവനാകുന്നു. അവൻ യുക്തിമാനും സൂക്ഷ്മജ്ഞാ നിയുമാകുന്നു."*(സൂറഃ അൻആം: 17, 18)

അതിനാൽ നിങ്ങളുടെ നമസ്കാരവും നോമ്പും ഹജ്ജും ബലിയറുക്കലുമെല്ലാം അല്ലാഹുവിനായി നിഷ്കളങ്കമാക്കുക. നിങ്ങളുടെ ഹൃദയങ്ങളിൽ അല്ലാഹുവി നെ മഹത്വപ്പെടുത്തുക. നിങ്ങളുടെ കാര്യങ്ങളെല്ലാം അവനിൽ ഭരമേല്പിക്കുക. അല്ലാഹു അല്ലാത്തവരിൽ നിന്ന് നിങ്ങളുടെ ഹൃദയങ്ങളെ ശുദ്ധീകരിക്കുക. മനുഷ്യരെ തിരിച്ചറിഞ്ഞവൻ അവർക്ക് അർഹമായ സ്ഥാനം നൽകും, അല്ലാ ഹുവിനെ തിരിച്ചറിഞ്ഞവൻ അവന് മാത്രമായി ആരാധനകൾ നിഷ്കളങ്കമാക്കും.

اللَّهُ أَكْبَرُ اللَّهُ أَكْبَرُ اللَّهُ أَكْبَرُ لَا إِلَهَ إِلَّا اللَّهُ، وَاللَّهُ أَكْبَرُ اللَّهُ أَكْبَرُ وَلِلَّهِ الحَمْدُ.

മുസ്‌ലിംകളേ,

ഹജ്ജിന്റെ മഹത്തായ ലക്ഷ്യങ്ങളിലും അതിലെ വലിയ യുക്തികളിലും പെട്ടതാണ് ആരാധനകളിലും ആഘോഷങ്ങളിലും ആചാരങ്ങളിലും സത്യനി ഷേധികളോടും (കാഫിറുകൾ) ബഹുദൈവ വിശ്വാസികളോടും (മുശ്‌രിക്കുകൾ) വിയോജിക്കുക എന്നത്. അല്ലാഹു പറഞ്ഞു:

وَأَذَانٌ مِنَ اللَّهِ وَرَسُولِهِ إِلَى النَّاسِ يَوْمَ الْحَجِّ الْأَكْبَرِ أَنَّ اللَّهَ بَرِيءٌ مِنَ الْمُشْرِكِينَ وَرَسُولُهُ

*"മഹത്തായ ഹജ്ജ് ദിനത്തിൽ അല്ലാഹുവിന്റെയും അവന്റെ ദൂതന്റെയും ഭാഗത്തുനിന്ന് ജനങ്ങളോടുള്ള ഒരു വിളംബരമാണിത്; തീർച്ചയായും അല്ലാഹു വിനും അവന്റെ ദൂതനും മുശ്‌രിക്കുകളുമായി യാതൊരു ബന്ധവുമില്ല."* (സൂറഃ തൗബ: 3)

നബി ﷺ തന്റെ ഹജ്ജ കർമ്മങ്ങളിൽ ബോധപൂർവ്വം തന്നെ അവരോട് വിയോജിച്ചിരുന്നു. നബി ﷺ അറഫയിൽ നിന്നു; എന്നാൽ ഖുറൈശികൾ അവിടെ നിൽക്കാറില്ലായിരുന്നു. മുശ്‌രിക്കുകൾ സൂര്യോദയത്തിന് ശേഷമല്ലാതെ മുസ്ദലിഫയിൽ നിന്ന് പുറപ്പെടാറില്ലായിരുന്നു; എന്നാൽ നബി ﷺ അവർക്ക് വിരുദ്ധമായി സൂര്യോദയത്തിന് മുമ്പ് തന്നെ അവിടെ നിന്ന് തിരിച്ചു. അവർ 'വാദി മുഹസ്സറിൽ' തമ്പടിച്ച് തങ്ങളുടെ പിതാമഹന്മാരെയും പ്രതാപങ്ങളെയും ഓർത്ത് അഭിമാനം കൊള്ളുമായിരുന്നു; നബി ﷺ അവിടെ നിൽക്കാതെ വേഗ ത്തിൽ നടന്നു നീങ്ങി അവരോട് വിയോജിച്ചു.

ഇത്രയൊക്കെ വ്യക്തമായിട്ടും ഒരു മുസ്‌ലിം സത്യനിഷേധികളെ അനുകരിക്കാ ൻ പാടുണ്ടോ? റസൂൽ ﷺ പറഞ്ഞു:

«مَنْ تَشَبَّهَ بِقَوْمٍ فَهُوَ مِنْهُمْ»

*"ആരെങ്കിലും ഒരു ജനതയെ അനുകരിച്ചാൽ അവൻ അവരിൽ പെട്ടവനാണ്."*(അബൂദാവൂദ്)

അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവർ തന്റെ ദീനിൽ അഭി മാനം കൊള്ളുകയും അതിന്റെ ചിഹ്നങ്ങളെ മുറുകെ പിടിക്കുകയും അല്ലാഹു വിനുള്ള അടിമത്തം പ്രകടിപ്പിക്കുകയുമാണ് വേണ്ടത്.

اللَّهُ أَكْبَرُ اللَّهُ أَكْبَرُ اللَّهُ أَكْبَرُ لَا إِلَهَ إِلَّا اللَّهُ، وَاللَّهُ أَكْبَرُ اللَّهُ أَكْبَرُ وَلِلَّهِ الحَمْدُ.

മുസ്‌ലിംകളേ,

അല്ലാഹു സത്യവിശ്വാസികളുടെ മനസ്സുകളിൽ തന്റെ വിശുദ്ധ ഭവനത്തോടുള്ള അതിയായ ആഗ്രഹവും അവിടേക്ക് ചെന്നെത്താനുള്ള കൊതിയും സന്നദ്ധത യും നൽകിയിട്ടുണ്ട്. എന്നാൽ എല്ലാവർക്കും എല്ലാ വർഷവും ഹജ്ജ് ചെയ്യാ ൻ സാധിക്കണമെന്നില്ല. അതിനാൽ ഹജ്ജിന് പോകുന്നവർക്കും അല്ലാത്തവർ ക്കും ഒരുപോലെ പങ്കുചേരാവുന്ന തസ്ബീഹുകളും തക്ബീറുകളും തഹ്മീ ദുകളും ഈ കാലയളവിൽ അല്ലാഹു നിശ്ചയിച്ചു. ഇബ്നു ഉമർ (റ) നിവേദ നം ചെയ്യുന്ന ഹദീസിൽ നബി ﷺ പറഞ്ഞു:

« مَا مِنْ أَيَّامٍ أَعْظَمُ عِنْدَ اللَّهِ، وَلَا أَحَبُّ إِلَيْهِ مِنَ العَمَلِ فِيهِنَّ مِنْ هَذِهِ الأَيَّامِ العَشْرِ، فَأَكْثِرُوا فِيهِنَّ مِنَ التَّهْلِيلِ، وَالتَّكْبِيرِ، وَالتَّحْمِيدِ»

*"അല്ലാഹുവിന്റെ അടുക്കൽ ഈ പത്തു ദിവസങ്ങളേക്കാൾ (ദുൽഹിജ്ജയിലെ ആദ്യ 10 ദിവസങ്ങൾ) മഹത്തായതോ, അവയിൽ ചെയ്യുന്ന സൽക്കർമ്മങ്ങ ളേക്കാൾ അല്ലാഹുവിന് പ്രിയപ്പെട്ടതോ ആയ മറ്റൊരു ദിവസവുമില്ല. അതിനാൽ ഈ ദിവസങ്ങളിൽ നിങ്ങൾ തഹ്‌ലീലും (ലാ ഇലാഹ ഇല്ലല്ലാഹ്), തക്ബീറും (അല്ലാഹു അക്ബർ), തഹ്മീദും (അൽഹംദുലില്ലാഹ്) അധികരിപ്പിക്കുക."*(അഹ്മദ്)

അതുപോലെ അല്ലാഹുവിലേക്ക് അടുക്കുന്നതിനും അവനെ മഹത്വപ്പെടു ത്തുന്നതിനുമായി ബലിമൃഗങ്ങളെ അറുക്കുന്നത് ഹജ്ജിന് പോയവർക്കും അല്ലാത്തവർക്കും നിയമമാക്കപ്പെട്ടിരിക്കുന്നു. ഇത് അല്ലാഹുവിനോട് തികഞ്ഞ ആത്മാർത്ഥത കാണിച്ച ഇബ്രാഹിം നബി (അ) യുടെ ചര്യ പിന്തുടരലാണ്. അല്ലാഹു പറഞ്ഞു:

ذَٰلِكَ وَمَنْ يُعَظِّمْ شَعَائِرَ اللَّهِ فَإِنَّهَا مِنْ تَقْوَى الْقُلُوبِ

*"അതാണ് കാര്യം. വല്ലവനും അല്ലാഹുവിന്റെ ചിഹ്നങ്ങളെ ബഹുമാനിക്കുന്ന പക്ഷം തീർച്ചയായും അത് ഹൃദയങ്ങളിലെ ധർമ്മനിഷ്ഠയിൽ (തഖ്‌വ) നിന്നു ള്ളതാകുന്നു."*(സൂറഃ ഹജ്ജ്: 32)

അതിനാൽ ഒരു മുസ്‌ലിം തനിക്കും തന്റെ കുടുംബത്തിനും വേണ്ടി ബലിയ റുക്കൽ സുന്നത്താണ്. അത് ശറഅ് നിശ്ചയിച്ച സമയത്ത് തന്നെ നിർവ്വഹിക്ക ണം. പെരുന്നാൾ നമസ്കാരത്തിന് മുമ്പ് അറുക്കുന്നത് അനുവദനീയമല്ല. അയ്യാമുത്തശ്‌രീഖിന്റെ മൂന്നാം ദിവസം (ദുൽഹിജ്ജ 13) സൂര്യൻ അസ്തമി ക്കുന്നത് വരെയാണ് ബലി നൽകാനുള്ള സമയം. ഇനിയും ബലിമൃഗത്തെ വാങ്ങാത്തവർക്കും കരുതുന്നവർക്കും അതിന് ഇനിയും സമയമുണ്ട്. അല്ലാഹു പറഞ്ഞു:

لَنْ يَنَالَ اللَّهَ لُحُومُهَا وَلَا دِمَاؤُهَا وَلَكِنْ يَنَالُهُ التَّقْوَى مِنْكُمْ

*"അവയുടെ മാംസമോ രക്തമോ അല്ലാഹുവിങ്കൽ എത്തുന്നതേയില്ല. എന്നാൽ നിങ്ങളുടെ ധർമ്മനിഷ്ഠയാണ് (തഖ്‌വ) അവന്റെ അടുക്കൽ എത്തുന്നത്."*(സൂറഃ ഹജ്ജ്: 37)

ബലിമാംസത്തിൽ നിന്ന് ഭക്ഷിക്കലും അത് സമ്മാനമായി നൽകുന്നതും ദാനം ചെയ്യുന്നതും സുന്നത്താണ്. അല്ലാഹു പറഞ്ഞു:

فَكُلُوا مِنْهَا وَأَطْعِمُوا الْقَانِعَ وَالْمُعْتَرَّ كَذَٰلِكَ سَخَّرْنَاهَا لَكُمْ لَعَلَّكُمْ تَشْكُرُونَ

*"അതിൽ നിന്ന് നിങ്ങൾ ഭക്ഷിക്കുകയും, തൃപ്തിയടഞ്ഞവനും ആവശ്യ ക്കാരനുമായ ദരിദ്രന് തീറ്റിക്കുകയും ചെയ്യുക. നിങ്ങൾ നന്ദിയുള്ളവരാകാൻ വേണ്ടി അപ്രകാരം അവയെ നാം നിങ്ങൾക്ക് കീഴ്പെടുത്തി തന്നിരിക്കുന്നു."*(സൂറഃ ഹജ്ജ്: 36)

മഹത്തായ ഖുർആനിൽ അല്ലാഹു എനിക്കും നിങ്ങൾക്കും ബർക്കത്ത് നൽകട്ടെ. അതിലെ സൂക്തങ്ങൾ കൊണ്ടും ജ്ഞാനനിർഭരമായ വചനങ്ങൾ കൊണ്ടും എനിക്കും നിങ്ങൾക്കും അവൻ ഉപകാരം ചെയ്യട്ടെ. ഞാൻ ഈ പറയുന്നത് പറയുകയും എനിക്കും നിങ്ങൾക്കും എല്ലാ പാപങ്ങളിൽ നിന്നും അല്ലാഹുവിനോട് പാപമോചനം തേടുകയും ചെയ്യുന്നു. നിങ്ങൾ അവനോട് മാപ്പിരക്കുക, തീർച്ചയായും അവൻ ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

## രണ്ടാം ഖുതുബ

സർവ്വലോക പരിപാലകനായ അല്ലാഹുവിനാണ് സർവ്വ സ്തുതിയും. അല്ലാഹു അല്ലാതെ ആരാധനയ്ക്ക് അർഹനായി മറ്റാരുമില്ലെന്നും മുഹമ്മദ് നബി ﷺ അവന്റെ ദാസനും ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. അല്ലാഹുവിന്റെ സ്വലാത്തും സലാമും നബി ﷺ യുടെയും കുടുംബത്തിന്റെ യും അനുചരന്മാരുടെയും മേൽ എന്നെന്നും ഉണ്ടാവട്ടെ.

اللَّهُ أَكْبَرُ اللَّهُ أَكْبَرُ اللَّهُ أَكْبَرُ، اللَّهُ أَكْبَرُ اللَّهُ أَكْبَرُ اللَّهُ أَكْبَرُ، اللَّهُ أَكْبَرُ.

(അല്ലാഹുവാണ് ഏറ്റവും വലിയവൻ...)

അല്ലാഹുവിന്റെ ദാസന്മാരേ, ഇതിനുശേഷം:

തക്ബീറുകൾ കൊണ്ടും തഹ്ലീലുകൾ കൊണ്ടും നിങ്ങളുടെ പെരുന്നാളിനെ നിങ്ങൾ അലങ്കരിക്കുക. തസ്ബീഹിലും തഹ്മീദിലും (അല്ലാഹുവിനെ വാഴ്ത്തുന്നതിൽ) മുഴുകുക. അല്ലാഹു പറഞ്ഞു:

وَاذْكُرُوا اللَّهَ كَثِيرًا لَعَلَّكُمْ تُفْلِحُونَ

*"നിങ്ങൾ അല്ലാഹുവെ ധാരാളമായി സ്മരിക്കുക, നിങ്ങൾ വിജയിച്ചേക്കാം."*(സൂറഃ അൻഫാൽ: 45)

നുബൈശത്തുൽ ഹുദലി (റ) നിവേദനം ചെയ്യുന്നു, റസൂൽ ﷺ പറഞ്ഞു:

«التَّشْرِيقِ أَيَّامُ أَكْلٍ وَشُرْبٍ وَذِكْرٍ لِلَّهِ أَيَّامُ»

*"അയ്യാമുത്തശ്‌രീഖിന്റെ ദിനങ്ങൾ (ദുൽഹിജ്ജ 11, 12, 13) ഭക്ഷണത്തിന്റെയും പാനീയത്തിന്റെയും അല്ലാഹുവിനെ സ്മരിക്കേണ്ടതിന്റെയും ദിനങ്ങളാണ്."*(മുസ്‌ലിം)

നിങ്ങളുടെ ആത്മാക്കൾക്കും കുടുംബങ്ങൾക്കും സന്തോഷം നൽകുക. പെരുന്നാൾ സന്തോഷങ്ങളെ അല്ലാഹുവിനോടുള്ള ഭക്തിയോടും (തഖ്‌വ) സൂക്ഷ്മതയോടും ചേർത്തുനിർത്തുക. അല്ലാഹു നിഷിദ്ധമാക്കിയ കാര്യങ്ങൾ ക്കായി നിങ്ങളുടെ ധനം ചിലവഴിക്കരുത്. ഉഖ്ബത്ത് ബിൻ ആമിർ (റ) നിവേദനം ചെയ്യുന്നു, നബി ﷺ പറഞ്ഞു:

«يَوْمُ عَرَفَةَ، وَيَوْمُ النَّحْرِ، وَأَيَّامُ التَّشْرِيقِ، عِيدُنَا أَهْلَ الإِسْلَامِ»

*"അറഫാ ദിനവും ബലിപെരുന്നാൾ ദിനവും അയ്യാമുത്തശ്‌രീഖിന്റെ ദിനങ്ങളും മുസ്‌ലിംകളായ നമ്മുടെ പെരുന്നാളാണ്."*(തിർമിദി)

അതുകൊണ്ടാണ് ദുൽഹിജ്ജ 11, 12, 13 ദിവസങ്ങളിൽ നോമ്പ് അനുഷ്ഠിക്കുന്നത് അല്ലാഹു നിഷിദ്ധമാക്കിയത് (ഹജ്ജിൽ ബലിമൃഗത്തെ ലഭിക്കാത്ത ഹാജിമാർ ക്ക് ഒഴികെ).

ഈ പെരുന്നാളിൽ നിങ്ങളുടെ സന്തോഷം പ്രകടിപ്പിക്കുക. കഴിഞ്ഞുപോയ ദുഃഖങ്ങളെ ഇതിലേക്ക് വലിച്ചിഴക്കരുത്. ഈ പെരുന്നാൾ ദിനത്തിൽ കുടുംബ ബന്ധങ്ങൾ പുതുക്കുക. പിണക്കങ്ങൾക്ക് പകരം സ്നേഹവും അടുപ്പവും വെച്ചുപുലർത്തുക. നിങ്ങളുടെ ഭിന്നതകൾ പരിഹരിക്കുകയും ചിതറിപ്പോയ ബന്ധങ്ങളെ കൂട്ടിയോജിപ്പിക്കുകയും ചെയ്യുക. വിദ്വേഷങ്ങൾ വെടിയുക, ശത്രുതകൾ മറക്കുക, പരസ്പരം വിട്ടുവീഴ്ച ചെയ്യുകയും കരുണ കാണിക്കു കയും ചെയ്യുക. അല്ലാഹുവിന്റെ ദാസന്മാരേ, നിങ്ങൾ സഹോദരങ്ങളാവുക. നിങ്ങൾ യോജിച്ചു നിൽക്കുക, ഭിന്നിക്കരുത്. അല്ലാഹു പറഞ്ഞു:

وَأَطِيعُوا اللَّهَ وَرَسُولَهُ وَلَا تَنَازَعُوا فَتَفْشَلُوا وَتَذْهَبَ رِيحُكُمْ وَاصْبِرُوا إِنَّ اللَّهَ مَعَ الصَّابِرِينَ

*"നിങ്ങൾ അല്ലാഹുവെയും അവന്റെ ദൂതനെയും അനുസരിക്കുക. നിങ്ങൾ പരസ്പരം ഭിന്നിക്കരുത്; എങ്കിൽ നിങ്ങൾ ഭീരുക്കളായിപ്പോകുകയും നിങ്ങ ളുടെ ശക്തി നശിച്ചുപോവുകയും*

*ചെയ്യും. നിങ്ങൾ ക്ഷമിക്കുക. തീർച്ചയായും അല്ലാഹു ക്ഷമാശീലരോടൊപ്പമാകുന്നു."*(സൂറഃ അൻഫാൽ: 46)

മുസ്‌ലിം സഹോദരിമാരേ,

ദൈവഭക്തിയും ലജ്ജയും, മാന്യതയും വിശുദ്ധിയുമാണ് നിങ്ങളുടെ യഥാർത്ഥ അലങ്കാരം. വ്യാജമായ സൗന്ദര്യ പ്രകടനങ്ങളെയും മിഥ്യയായ അലങ്കാരങ്ങ ളെയും നിങ്ങൾ സൂക്ഷിക്കുക. അല്ലാഹു തആല പറഞ്ഞു:

{وَأَنْ يَسْتَعْفِفْنَ خَيْرٌ لَهُنَّ}

*"അവർ വിശുദ്ധി പാലിക്കുന്നതാണ് അവർക്ക് ഏറെ ഉത്തമം."*[സൂറഃ നൂർ: 60]

സത്യവിശ്വാസിനികളുടെ സ്വഭാവഗുണങ്ങളും സജ്ജനങ്ങളുടെ വസ്ത്രധാരണ രീതിയും ഉത്തമരായ സ്ത്രീകളുടെ ആഭരണങ്ങളും നിങ്ങൾ മുറുകെ പിടിക്കുക. അല്ലാഹു പറഞ്ഞു:

{وَلِبَاسُ التَّقْوَى ذَلِكَ خَيْرٌ ذَلِكَ مِنْ آيَاتِ اللَّهِ لَعَلَّهُمْ يَذَّكَّرُونَ}

*"ധർമ്മനിഷ്ഠയാകുന്ന വസ്ത്രമാകട്ടെ അതാണ് ഏറ്റവും ഉത്തമം. അവർ ആലോചിച്ച് മനസ്സിലാക്കാൻ വേണ്ടി അല്ലാഹു നൽകുന്ന അടയാളങ്ങളിൽ പെട്ടതത്രെ അത്."*[സൂറഃ അഅ്റാഫ്: 26]

اللَّهُ أَكْبَرُ اللَّهُ أَكْبَرُ اللَّهُ أَكْبَرُ، لَا إِلَهَ إِلَّا اللَّهُ، وَاللَّهُ أَكْبَرُ اللَّهُ أَكْبَرُ، وَلِلَّهِ الحَمْدُ.

അല്ലാഹുവിന്റെ ദാസന്മാരേ,

നിങ്ങൾ ബലികർമ്മം നിർവ്വഹിക്കുക, അല്ലാഹു നിങ്ങളുടെ ബലികളെ സ്വീകരിക്കട്ടെ. നിങ്ങളുടെ സ്രഷ്ടാവിനും യജമാനനുമായി അവയുടെ രക്തം ഒഴുക്കുക, നിറഞ്ഞ സംതൃപ്തിയോടെ അത് നിർവ്വഹിക്കുക. അല്ലാഹു നമ്മിൽ നിന്നും നിങ്ങളിൽ നിന്നും സൽക്കർമ്മങ്ങൾ സ്വീകരിക്കട്ടെ. നിങ്ങൾക്ക് ഏവർ ക്കും മുബാറക്കായ പെരുന്നാൾ ആശംസകൾ! അല്ലാഹു നിങ്ങളുടെ പരിശ്രമങ്ങ ളെ ഫലവത്താക്കുകയും, നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരികയും,

ഈ പെരുന്നാളിൽ നിങ്ങളുടെ സന്തോഷവും ആനന്ദവും വർദ്ധിപ്പിക്കുകയും ചെയ്യട്ടെ.

പ്രാർത്ഥന

اللَّهُمَّ صَلِّ وَسَلِّمْ عَلَى صَاحِبِ الوَجْهِ الأَنْوَرِ وَالْجَبِينِ الْأَزْهَرِ

അല്ലാഹുവേ, അത്യന്തം പ്രകാശമാനമായ മുഖത്തിന് ഉടമയായ പ്രവാചകൻ ﷺ യുടെ മേൽ നീ സ്വലാത്തും സലാമും വർഷിക്കേണമേ.

اللَّهُمَّ حَبِّبْ إِلَيْنَا الإِيمَانَ وَزَيِّنْهُ فِي قُلُوبِنَا، وَكَرِّهْ إِلَيْنَا الْكُفْرَ وَالْفُسُوقَ وَالْعِصْيَانَ، وَاجْعَلْنَا مِنَ الرَّاشِدِينَ

അല്ലാഹുവേ, ഞങ്ങൾക്ക് ഈമാനിനോട് പ്രിയമുണ്ടാക്കുകയും ഞങ്ങളുടെ ഹൃദയങ്ങളിൽ അതിനെ അലങ്കരിക്കുകയും ചെയ്യേണമേ. കുഫ്റിനോടും, അധർമ്മത്തോടും, പാപങ്ങളോടും ഞങ്ങൾക്ക് വെറുപ്പുണ്ടാക്കേണമേ. ഞങ്ങളെ സന്മാർഗ്ഗചാരികളിൽ ഉൾപ്പെടുത്തേണമേ.

اللَّهُمَّ أَعِزَّ الإِسْلَامَ وَالْمُسْلِمِينَ، وَأَذِلَّ الشِّرْكَ وَالْمُشْرِكِينَ، وَانْصُرْ دِينَكَ وَكِتَابَكَ وَسُنَّةَ نَبِيِّكَ صَلَّى اللهُ عَلَيْهِ وَسَلَّمَ وَعِبَادَكَ الْمُؤْمِنِينَ

അല്ലാഹുവേ, ഇസ്‌ലാമിനും മുസ്‌ലിംകൾക്കും നീ പ്രതാപം നൽകേണമേ. ശിർക്കിനെയും മുശ്‌രിക്കുകളെയും നീ നിന്ദ്യമാക്കേണമേ. നിന്റെ ദീനിനെയും നിന്റെ ഗ്രന്ഥത്തെയും നിന്റെ പ്രവാചകന്റെ ചര്യയെയും നിന്റെ വിശ്വാസികളായ ദാസന്മാരെയും നീ സഹായിക്കേണമേ.

اللَّهُمَّ اغْفِرْ لِلْمُسْلِمِينَ وَالْمُسْلِمَاتِ، وَالْمُؤْمِنِينَ وَالْمُؤْمِنَاتِ، الأَحْيَاءِ مِنْهُمْ وَالأَمْوَاتِ

അല്ലാഹുവേ, മുസ്‌ലിംകളായ പുരുഷന്മാർക്കും സ്ത്രീകൾക്കും, വിശ്വാസികളായ പുരുഷന്മാർക്കും സ്ത്രീകൾക്കും -അവരിൽ ജീവിച്ചിരിക്കുന്നവർക്കും മരിച്ചവർക്കും- നീ പൊറുത്തു നൽകേണമേ.

وَاحْفَظْ حُجَّاجَ بَيْتِكَ الْحَرَامِ مِنْ كُلِّ شَرٍّ وَمَكْرُوهٍ، وَرُدَّهُمْ إِلَى دِيَارِهِمْ سَالِمِينَ، مِنَ الْأَجْرِ غَانِمِينَ

നിന്റെ പരിശുദ്ധ ഭവനത്തിൽ എത്തിയ ഹാജിമാരെ എല്ലാ തിന്മകളിൽ നിന്നും നീ കാത്തുരക്ഷിക്കേണമേ. പ്രതിഫലങ്ങൾ

നേടിയവരായി അവരെ സുരക്ഷിതരായി സ്വഭവനങ്ങളിലേക്ക് മടക്കേണമേ.

قَدْ غفَرْتَ ذُنُوبَهُمْ وجَبَرْتَ خَوَاطِرَهُمْ

നീ അവരുടെ പാപങ്ങൾ പൊറുക്കുകയും അവരുടെ മനസ്താപങ്ങൾ നീക്കി ആശ്വസിപ്പിക്കുകയും ചെയ്യേണമേ.

وَوفِّقِ - اللَّهُمَّ - أَمِيرَنَا وَولِيَّ عَهْدِهِ لِهُدَاكَ، وَاجعَلْ أَعْمَالَهُمَا فِي طَاعَتِكَ وَرِضَاكَ

അല്ലാഹുവേ, ഞങ്ങളുടെ അമീറിനെയും അദ്ദേഹത്തിന്റെ പിൻഗാമിയെയും നിന്റെ സന്മാർഗ്ഗത്തിൽ നീ വിജയിപ്പിക്കേണമേ. അവരുടെ കർമ്മങ്ങളെ നിന്റെ പ്രീതിക്കും അനുസരണത്തിനും അനുയോജ്യമാക്കേണമേ.

وَاجْعَلْ هَذَا الْبَلَدَ آمِناً مُطْمَئِنًّا سَخَاءً رَخَاءً، دَارَ أَمْنٍ وَإِيمَانٍ، وَسَائِرَ بِلَادِ الْمُسْلِمِينَ

ഈ നാടിനെ സമാധാനമുള്ളതും, സമൃദ്ധവും, സുരക്ഷിതവുമായ വിശ്വാസത്തിന്റെ കേന്ദ്രമാക്കേണമേ. മറ്റെല്ലാ മുസ്ലിം നാടുകളെയും നീ കാത്തുരക്ഷിക്കേണമേ.